## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3189** **04-08-2021 - ൽ മറുപടിയ്ക്ക്**

## കൊയിലാണ്ടി താലൂക്ക് ആശുപത്രിയിൽ ജനറേറ്റർ സ്ഥാപിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കൊയിലാണ്ടി താലൂക്ക് ആശുപത്രിയിലെ ഡയാലിസ് സെന്ററിലേക്ക് കെ.എം. എസ് .സി.എൽ മുഖേന ജനറേറ്റർ അനുവദിച്ചിരുന്നെങ്കിലും ആയത് നാളിതുവരെ സ്ഥാപിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ജനറേറ്റർ സ്ഥാപിക്കുന്നതിലുണ്ടായ കാലതാമസം എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;ജനറേറ്റർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (ബി) | ജനറേറ്റർ സ്ഥാപിക്കുന്നതിനായി മെസ്സേഴ്സ് പെർഫെക്സ് ഹൗസ് എന്ന കമ്പനിക്ക് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും 17.08.2019-ന് വിതരണ ഉത്തരവ് നൽകിയിരുന്നു. എന്നാൽ ടി കമ്പനി ടി പ്രവർത്തിയിൽ നിന്നും പിൻമാറുകയാണ് ഉണ്ടായത്. തുടർന്ന് കോർപ്പറേഷൻ ടി പ്രവർത്തികൾക്കായി നാല് പ്രാവശ്യം ദർഘാസ് ക്ഷണിക്കുകയുണ്ടായി. ഇതിൽ ഒാരോ തവണ മെസ്സേഴ്സ് വിസ്പവർ ജനറേറ്റർ സെയിൽസ് & സർവ്വീസസ് ലിമിറ്റഡും മെസ്സേഴ്സ് ഫ്യൂജി ടെക്നിക്കൽ സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡും L1ബിഡ്ഡറായി വന്നെങ്കിലും ടി കമ്പനികളും ജനറേറ്റർ സ്ഥാപിക്കുന്ന പ്രവർത്തിയിൽ നിന്നും പിൻമാറുകയാണ് ഉണ്ടായത്. തുടർന്ന് കിഫ്ബിയുടെ അനുവാദത്തോടെ സർക്കാർ സ്ഥാപനമായ കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിന് 20.11.2020-ന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും വിതരണ ഉത്തരവ് നൽകിയിട്ടുണ്ട്. ടി സ്ഥാപനം ജനറേറ്റർ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. |
| (സി) | ജനറേറ്റർ എത്രദിവസത്തിനുള്ളിൽ സ്ഥാപിക്കാമെന്നാണ് കരുതുന്നത്; വിശദമാക്കാമോ? | (സി) | ജനറേറ്റർ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ അടുത്ത മൂന്ന് മാസത്തിനുള്ളിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ